ENTRI

1 Crore User Downloads

# CURRENT AFFAIRS 27 NOV 2024



ബെന്യാമിൻ നെതന്യാഹു

### യുദ്ധക്കുറ്റങ്ങളുടെ പേരിൽ 2024 നവംബറിൽ അന്താരാഷ്ട്ര ക്രിമിനൽ കോടതി അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ച ഇസ്രായേൽ പ്രധാനമന്ത്രി

**ബെഞ്ചമിൻ നെതന്യാഹു**

- ഇസ്രയേൽ മുൻ പ്രതിരോധമന്ത്രി യോവ് ഗാലന്റിനെതിരേയും അറസ്റ്റ് വാറന്റുണ്ട്.
- ഗാസയിലെ സാധാരണക്കാരായ മനുഷ്യർക്ക് ഭക്ഷണം, വെള്ളം, മരുന്ന് തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളെല്ലാം ബോധപൂർവം നിഷേധിച്ച്, നെതന്യാഹുവും ഗാലന്റും യുദ്ധക്കുറ്റം ചെയ്തെന്ന് ഐ.സി.സി. യുടെ മൂന്നംഗ ജഡ്ജിങ് പാനൽ വിധിച്ചു.

---



അൻ സേ-യംഗ്

### 2024ലെ ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ വനിതാ സിംഗിൾസ് കിരീട ജേതാവ്

**അൻ സേ-യംഗ്**

- ഫൈനലിൽ ദക്ഷിണ കൊറിയൻ താരമായ അൻ സേ-യംഗ് ചൈനയുടെ ഗാവോ ഫാങ്ജിയെ പരാജയപ്പെടുത്തിയാണ് കിരീടം സ്വന്തമാക്കിയത്.

---



വൈഭവ് സൂര്യവൻഷി

### ഐപിഎൽ കരാർ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരൻ എന്ന നേട്ടം സ്വന്തമാക്കിയത്

**വൈഭവ് സൂര്യവൻഷി**

- പതിമ്മൂന്നുകാരനായ വൈഭവിനെ ഐ.പി.എൽ. താരലേലത്തിൽ രാജസ്ഥാൻ റോയൽസ് ഒരുകോടി പത്തുലക്ഷം രൂപയ്ക്കാണ് സ്വന്തമാക്കിയത്.

---




### കുടുംബശ്രീ ഉത്പന്നങ്ങളും സേവനങ്ങളും വിപണിയിലെത്തിക്കാൻ കുടുംബശ്രീ അവതരിപ്പിച്ച ഇ-കൊമേഴ്സ് ആപ്ലിക്കേഷൻ

**പോക്കറ്റ് മാർട്ട്**

---




### കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക സ്പോർട്സ് ലീഗ് ആരംഭിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനം

**കേരളം**

- കായിക വകുപ്പുമായി ചേർന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പാണ് സ്പോർട്സ് ലീഗ് ആരംഭിക്കുന്നത്.
- മികച്ച കായിക സംസ്കാരം വാർത്തെടുക്കുന്നതിനൊപ്പം കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനം കൂടി ലക്ഷ്യമിട്ടാണ് പദ്ധതിക്ക് തുടക്കമിടുന്നത്.